KSFESA
CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 180/71, Kottappuram Road, Thrissur - 4, Ph : 0487-2384321
(Affiliated to C.I.T.U. R.No.K. 1128)
E-mail : ksfesacitu@yahoo.co.in Web:- www.ksfesa.com

President
**C.B.C. Warrier**

General Secretary
**S. Muraleekrishna Pillai**

## അറിയിപ്പ്

## 16-07-2010 ന് നടന്ന ചര്‍ച്ച

സഖാക്കളെ, സുഹൃത്തുക്കളെ,

ഇന്ന് (16-07-2010) ഉച്ചകഴിഞ്ഞ് 3 മണിക്ക് തിരുവനന്തപുരം റീജിയണല്‍ ഓഫീസില്‍ വച്ച് മാനേജ്മെന്റുമായി ചര്‍ച്ച നടന്നു. കമ്പ്യൂട്ടര്‍വത്കരിക്കാത്ത ശാഖകളിലെ സ്റ്റാഫ് നോംസ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ചര്‍ച്ച നടന്നത്. വര്‍ക്ക്മെന്‍ വിഭാഗത്തിലെ സംഘടനകളാണ് പങ്കെടുത്തത്. നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് സംസ്ഥാന പ്രസിഡന്റ് സ: സി.ബി.സി. വാര്യര്‍ ഉള്‍പ്പെടെയുള്ള എല്ലാ സെക്രട്ടറിയേറ്റംഗങ്ങളും പങ്കെടുത്തു. 4-6-2010 ന് ധനമന്ത്രി കൂടി ഭാഗഭാക്കായ കരാറിന്റെ 7-ാമത്തെ ക്ലാസ് അനുസരിച്ച് ആഗസ്റ്റ് 1-ാം തീയതിക്കുമുമ്പായി കമ്പ്യൂട്ടര്‍വത്കരിക്കാത്ത ശാഖകളിലെ സ്റ്റാഫ് നോംസ് ചര്‍ച്ച ചെയ്ത് പരിഷ്കരിക്കേണ്ടതുണ്ടെന്ന് എം.ഡി. ശ്രീ. പി.സി. പിള്ള അറിയിച്ചു. അതുപ്രകാരം ചര്‍ച്ചയ്ക്ക് സഹായകരമായ രീതിയില്‍ മാനേജ്മെന്റ് പരിഷ്കരണനിര്‍ദ്ദേശങ്ങള്‍ തയ്യാറാക്കിയിട്ടുണ്ടെന്ന് എം.ഡി. അറിയിച്ചു.

കെ.എസ്.എഫ്.ഇ. സമ്പൂര്‍ണ കമ്പ്യൂട്ടര്‍വത്കരണത്തിലേയ്ക്ക് പോകുന്ന സ്ഥിതിയ്ക്ക് സ്റ്റാഫ് നോംസ് ചര്‍ച്ച ചെയ്യുന്നതില്‍ വലിയ പ്രസക്തിയില്ലെന്നും എന്നാല്‍ 4-6-2010 ലെ കരാര്‍ വ്യവസ്ഥയെന്ന നിലയില്‍ അത് ചര്‍ച്ച ചെയ്യുന്നതില്‍ ഞങ്ങള്‍ എതിരല്ലെന്നും നമ്മള്‍ അറിയിച്ചു. മാനേജ്മെന്റ് പരിഷ്കാര നിര്‍ദ്ദേശങ്ങള്‍ മുന്‍കൂറായി നല്‍കിയിട്ടില്ല. വ്യക്തമായ നിര്‍ദ്ദേശങ്ങള്‍ രേഖാമൂലം നല്‍കിയാല്‍ തുടര്‍ ചര്‍ച്ചാവേളയില്‍ ഞങ്ങളുടെ ബദല്‍ നിര്‍ദ്ദേശങ്ങള്‍ നല്‍കാമെന്നും നമ്മള്‍ അറിയിച്ചു.

സ്റ്റാഫ് നോംസ് എന്ന് അജണ്ടയില്‍ ഉള്‍പ്പെടുത്തിയപ്പോള്‍ കമ്പ്യൂട്ടര്‍വത്ക്കരണ ശാഖകളിലെ സ്റ്റാഫ് നോംസ് എന്നാണ് ഞങ്ങള്‍ ഉദ്ദേശിച്ചതെന്നും കമ്പ്യൂട്ടര്‍വത്കൃത സ്റ്റാഫ് നോംസ് ചര്‍ച്ച ചെയ്ത് ധാരണയുണ്ടാക്കാതെ കമ്പ്യൂട്ടര്‍വത്കരിക്കാത്ത ശാഖകളിലെ സ്റ്റാഫ് നോംസ് ചര്‍ച്ച ചെയ്യേണ്ടതില്ല എന്നുമുള്ള നിലപാട് എഫ്.ഇ.ഇ.എ. എടുത്തു. എന്നാല്‍ സ്റ്റാഫ് നോംസിന്റെ കാര്യത്തില്‍ അവ്യക്തതയ്ക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന് എം.ഡി. അറിയിച്ചു. 4-6-2010 ന് ധനകാര്യവകുപ്പ് മന്ത്രിയുടെ ചേംബറില്‍ ഉണ്ടായ കരാറിന്റെ 6, 7 വ്യവസ്ഥകളില്‍ 6-ാമത്തെ വ്യവസ്ഥ അനുസരിച്ചുള്ള 'കമ്പ്യൂട്ടറൈസ്ഡ് സ്റ്റാഫ് നോംസ്' 16-6-2010 ന് ചര്‍ച്ച ചെയ്തതാണ്. എഫ്.ഇ.ഇ.എ. നേതാക്കന്മാരും ചര്‍ച്ചയില്‍ പങ്കെടുത്തു. എന്നാല്‍ അന്ത്യഘട്ടത്തില്‍ കരാറില്‍ ഒപ്പിടാതെ പോകുകയാണ് ചെയ്തത്. 16-6-2010 നുണ്ടായ കരാറിന്റെ അടിസ്ഥാനത്തില്‍ 18-6-2010 ന് ചേര്‍ന്ന ഡയറക്ടര്‍ ബോര്‍ഡ് യോഗം പ്രസ്തുത കരാര്‍ അംഗീകരിക്കുകയും സര്‍ക്കാര്‍ അംഗീകാരത്തിനായി സമര്‍പ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് എഫ്.ഇ.ഇ.എ. നേതൃത്വം നല്‍കിയ കത്തിന് ഇക്കാര്യം വ്യക്തമാക്കി

മറുപടി നൽകിയതുമാണ്. ആയതിനാൽ ജൂലൈ മാസത്തിൽ വിളിച്ച ചർച്ച 'കമ്പ്യൂട്ടറൈസ്ഡ് നോംസ്' ചർച്ച ചെയ്യാനാണ് എന്നാണ് കരുതിയതെന്ന് പറയുന്നതിൽ യാതൊരടിസ്ഥാനവുമില്ലെന്നും എം.ഡി. അറിയിച്ചു.

4-6-2010 നും 16-6-2010 നുമായി ഉണ്ടായ കരാർ അനുസരിച്ച് കെ.എസ്.പി.സി.യുടെ റിപ്പോർട്ട് അംഗീകരിച്ചിട്ടുള്ളതാണ്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള പ്രസ്തുത കരാർ സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന കരാർ സംബന്ധമായി ഇപ്പോൾ ചർച്ച നടത്തുന്നതിൽ യാതൊരു സാംഗത്യവുമില്ലെന്ന് നമ്മൾ അറിയിച്ചു. സർക്കാർ ഉത്തരവാക്കുന്ന മുറയ്ക്കാണ്, ജീവനക്കാരുടെ പ്രമോഷൻ സംബന്ധമായ വിഷയങ്ങളിൽ ചർച്ചയ്ക്ക് പ്രസക്തിയുള്ളൂവെന്നും നമ്മൾ അറിയിച്ചു. Non-computerised ശാഖകളിലെ സ്റ്റാഫ് നോംസ് സംബന്ധിച്ചുള്ള മാനേജ്മെന്റ് നിർദ്ദേശം അയച്ച് നൽകാമെന്നും അതിനുശേഷം തുടർ ചർച്ച വിളി ക്കാമെന്നും മാനേജ്മെന്റ് അറിയിച്ചു. നിർദ്ദേശം അയച്ചുതന്നാൽ പരിശോധിച്ച് അഭിപ്രായം പറയാ മെന്ന് നമ്മൾ പറഞ്ഞു. പ്രത്യേകിച്ച് തീരുമാനം ഒന്നും എടുക്കാതെ ചർച്ച 5.30 ന് പിരിഞ്ഞു.

അഭിവാദനങ്ങളോടെ

തിരുവനന്തപുരം
16-7-2010

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി